

# വല്ലക്കുന്ന്
# സെന്റ് അൽഫോൻസ ഇടവക

വല്ലക്കുന്നിലെ പൂർവികർ ഏറെക്കാലം മനസ്സിൽ താലോലിച്ച ഒരു മോഹമായിരുന്നു വല്ലക്കുന്നിൽ ഒരു ദേവാലയം. എന്നാൽ, കാർഷിക മേഖലയായ ഇവിടത്തെ വിശ്വാസികളുടെ സാമ്പത്തിക പരിമിതി ഒരു ദേവാലയ നിർമ്മാണത്തിൽനിന്ന് അവരെ അകറ്റിനിറുത്തി. കാലത്തിന്റെ പൂർണ്ണതയിൽ ദൈവം കരമുയർത്തി അനുഗ്രഹിച്ചു. ഈ പ്രദേശത്തുകാരുടെ ചിരകാലാഭിലാഷം പൂവണിഞ്ഞു. ഇവിടെ ദൈവാലയം 2008-ൽ യാഥാർത്ഥ്യമായി.

മാതൃഇടവകയായ കല്ലേറ്റുംകര പള്ളി വികാരി ബഹു. വിൻസെന്റ് ചാലിശ്ശേരി അച്ചൻ 2006-ൽ വല്ലക്കുന്നിൽ ദേവാലയ നിർമ്മാണത്തിനുള്ള ശ്രമം നടത്തിയെങ്കിലും അത് ഫലം കണ്ടില്ല. എന്നാൽ, 2007-ൽ ബഹു. തോമസ് പഞ്ഞിക്കരനച്ചൻ കല്ലേറ്റുംകര പള്ളി വികാരിയായി പ്രവർത്തനം ആരംഭിച്ചശേഷം 2008-ൽ അനുകൂലമായ സാഹചര്യം ഒത്തുവന്നതോടെ 24.02.2008-ൽ ബഹു. തോമസ് പഞ്ഞിക്കാരൻ അച്ചന്റെ നേതൃത്വത്തിൽ വിപുലമായ ഒരു കമ്മിറ്റി രൂപീകരിച്ച് ദേവാലയ നിർമ്മാണപ്രവർത്തനങ്ങൾക്ക് പ്രാരംഭം കുറിച്ചു. സൗജന്യമായി (1 ഏക്കർ 87 സെന്റ്) ലഭിച്ചതും വിലകൊടുത്ത് വാങ്ങിയതുമായ (1 ഏക്കർ 48 സെന്റ്) മൊത്തം 3 ഏക്കർ 37 സെന്റ് സ്ഥലം പള്ളിക്ക് സ്വന്തമായി ലഭിച്ചു. തുടർന്ന് പ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമായി മുന്നോട്ടുനീങ്ങി.

17.6.2008-ൽ പള്ളിപണിക്കാവശ്യമായ അനുവാദത്തിനുവേണ്ടി രൂപതകച്ചേരിയിൽ അപേക്ഷ സമർപ്പിച്ചു. 21.6.2008-ൽ 698/08 കല്പനപ്രകാരം വല്ലക്കുന്നിൽ ഒരു ദേവാലയം നിർമ്മിക്കുന്നതിന് രൂപതാകച്ചേരിയിൽ നിന്ന് അനുവദിച്ച് ഉത്തരവായി.

ഭാരതത്തിലെ ആദ്യത്തെ പുണ്യവതിയായ വിശുദ്ധ അൽഫോൻസാമ്മയുടെ നാമധേയത്തിൽ ദേവാലയം നിർമ്മിക്കാനും വിശുദ്ധയായി പ്രഖ്യാപിക്കുന്ന ദിവസം ദേവാലയത്തിന്റെ വെഞ്ചിരിപ്പു കർമ്മം നടത്താനും തീരുമാനമെടുത്തു.

അൽഫോൻസാമ്മയുടെ തിരുന്നാൾ ദിനമായ ജൂലായ് 28-ാം തിയതി ബഹു. വികാരി റവ. ഫാ. തോമസ് പഞ്ഞിക്കാരൻ ദേവാലയത്തിന് അടിസ്ഥാനശിലയിട്ടു. അൽഫോൻസാമ്മയുടെ മാധ്യസ്ഥശ

ക്തിയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് പ്രായഭേദമെന്യേ എല്ലാവരും ഒറ്റക്കെട്ടായി രാപകൽ അധ്വാനിച്ചതിന്റെ ഫലമായി കേവലം 76 ദിവസംകൊണ്ട് മനോഹരമായ ഒരു ദേവാലയം പണിതീർത്തു. കല്ലേറ്റുംകര വികാരി റവ. ഫാ. തോമസ് പഞ്ഞിക്കാരൻ, അസി. വികാരിമാരായ റവ. ഫാ. ജീസ് പാക്രത്ത്, റവ. ഫാ. റിജോയ് പഴയാറ്റിൽ തുടങ്ങിയവരുടെ സേവനം നന്ദിയോടെ സ്മരിക്കുന്നു.

അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ച 2008 ഒക്ടോബർ 12-ന് വൈദികർ, സന്യസ്തർ, അൽമായർ എന്നിങ്ങനെ ആയിരങ്ങളുടെ സാന്നിദ്ധ്യത്തിൽ ഇരിങ്ങാലക്കുട രൂപത വികാരി ജനറാൾ മോൺ. ജോസ് കാവുങ്കൽ ദേവാലയത്തിന്റെ കൂദാശാകർമ്മം നിർവഹിച്ചു. വികാരി ജനറാൾ മോൺ. ഡോ. വിൻസെന്റ് ആലപ്പാട്ട് സുവിശേഷസന്ദേശം നൽകി.

ദേവാലയത്തിൽ 2008 നവംബർ 17-ാം തിയതി ഭരണങ്ങാനത്തുനിന്ന് കൊണ്ടുവന്ന വിശുദ്ധയുടെ തിരുശേഷിപ്പ് മനോഹരമായ പേടകത്തിൽ പള്ളിയുടെ മദ്ബഹായിൽ ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് സ്ഥാപിച്ചു.

## ഇടവക

വല്ലക്കുന്ന് ഒരു ഇടവകയായി ഉയർത്തുന്നതിന് 7.11.2008-ൽ കല്ലേറ്റുംകര പള്ളി പ്രതിനിധിയോഗത്തിന് അപേക്ഷ സമർപ്പിക്കുകയും 9.11.2008-ലെ യോഗ തീരുമാനപ്രകാരം ഇരിങ്ങാലക്കുട രൂപത കച്ചേരിയിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. അനന്തരം രൂപത കച്ചേരിയിൽനിന്ന് അനുകൂലമായ തീരുമാനമുണ്ടാവുകയും 5.6.2009-ലെ DL 01/09, 934/09 കല്പനപ്രകാരം 27.6.2009 മുതൽ വല്ലക്കുന്ന് പള്ളിയെ നിശ്ചിത അതിർത്തികളോടെ ഒരു സ്വതന്ത്ര ഇടവകയായി ഉയർത്തിക്കൊണ്ട് അഭിവന്ദ്യ പിതാവ് കല്പന പുറപ്പെടുവിക്കുകയും ചെയ്തു. മുരിയാട് പള്ളി വികാരിയായ റവ. ഫാ. ജോസ് അരിക്കാട്ട് പ്രഥമ വികാരിയായി നിയമിതനായി. കല്ലേറ്റുംകര, പുല്ലൂർ, മുരിയാട് എന്നീ ഇടവകകളിൽനിന്നുള്ള 290 കുടുംബങ്ങൾ വി. അൽഫോൻസാമ്മയുടെ നാമധേയത്തിലുള്ള ഈ ഇടവകയിൽ ഉൾപ്പെടുന്നു.

## പൗളാലയം

ഇടവകയിൽ 9 കുടുംബയൂണിറ്റുകളാണ് പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. വല്ലക്കുന്നിൽ 1979-ൽ



പൗളാലയം വല്ലക്കുന്ന്

സ്ഥാപിതമായ ബഹു. സമരിറ്റൻ സിസ്റ്റേഴ്സിന്റെ പൗളാലയം എന്ന കോൺവെന്റും അനുബന്ധിച്ചുള്ള ഹോസ്റ്റലും ഇടവക രൂപംകൊള്ളുന്നതിനുമുമ്പ് 2008-ൽ മെയിൻ റോഡിനരികെ മനോഹരമായി പണിതീർത്ത സെന്റ് ജോസഫ്സ് കപ്പേളയും ഇടവകയുടെ പരിധിയിൽ പെടുന്നു.

ഇടവക മധ്യസ്ഥയായ വിശുദ്ധ അൽഫോൻസാമ്മയുടേയും വേദസാക്ഷിയായ വി. സെബസ്ത്യാനോസിന്റേയും തിരുനാൾ സംയുക്തമായി എല്ലാവർഷവും നവംബർ 17 ഞായറാഴ്ചയാണെങ്കിൽ അന്നേദിവസവും അല്ലെങ്കിൽ നവംബർ 17 കഴിഞ്ഞുവരുന്ന ശനിയും ഞായറുമായി നിശ്ചയിച്ചിരിക്കുന്നു. സ്ഥലസൗകര്യവും മറ്റും തുലോം പരിമിതമെങ്കിലും മതബോധന യൂണിറ്റും മാതൃസംഘവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.



സെന്റ് ജോസഫ്സ് കപ്പേള

## പള്ളിയുടെ സ്ഥാനം

ഇരിങ്ങാലക്കുട-ചാലക്കുടി സംസ്ഥാന ഹൈവേയിൽ ഇരിങ്ങാലക്കുടനിന്ന് കിഴക്കോട്ട് 5 കിലോമീറ്ററും എൻ.എച്ച് 47-ൽ പോട്ട ജംഗ്ഷനിൽനിന്ന് പടിഞ്ഞാറോട്ട് 7 കിലോമീറ്ററും ഇരിങ്ങാലക്കുട (കല്ലേറ്റുംകര) റയിൽവേസ്റ്റേഷനിൽനിന്ന് പടിഞ്ഞാറോട്ട് 2 കി.മീറ്ററും യാത്രചെയ്താൽ പള്ളിയിലെത്താം.

ചരിത്രത്തിൽ നിന്ന്....

## വിശുദ്ധ അൽഫോൺസാമ്മയുടെ വിശുദ്ധപദ പ്രഖ്യാപനം - 2008 ഒക്ടോബർ 12





പരി. പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽവച്ച്
അൽഫോൺസാമ്മയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നു



അൽഫോൺസ മ്യൂസിയത്തിൽനിന്ന്
(ഭരണങ്ങാനം)




വി. അൽഫോൺസ സ്മാരക സ്റ്റാമ്പ്
2008




വി. അൽഫോൺസ സ്മാരക നാണയം
2009